# മണ്ണാർക്കാട് സംവാദം : സഖാഫികൾക്ക് നന്ദി

എം. എം. റഹീം, പുല്ലൂക്കര, ഷാർജ

കണ്ണൂർ ജില്ലയിലെ പുല്ലൂക്കരക്കാരനായ എനക്ക് 2004 മാർച്ചിലായിരുന്നു യു.എ.ഇയിലേക്ക് വിസകിട്ടിയത്. പേരോടിന്റെ അനുയായിയായ എനിക്ക് നല്ല ജോലി കിട്ടാൻ അടുത്തുള്ള ഒരു ദിവ്യനെ സമീപിച്ച് ഉറുക്കും വാങ്ങി. വരുന്നതിൽ തലേന്ന് രാത്രി ഒരു മുസ്‌ല്യാരെ വിളിച്ച് ഒരു മൗലീദും കഴിച്ചു. വരുന്ന വഴിക്ക് പെരിങ്ങത്തൂരിലെ ജാറത്തിൽ കയറി ബർക്കത്ത് കിട്ടാൻ വേണ്ടി പ്രാർത്ഥിക്കുകയും ചെയ്താണ് ഞാൻ യു.എ.ഇയിലേക്ക് പറന്നത്.

ഷാർജയിലെ ഒരു സ്നേഹിതന്റെ അടുക്കൽ നിന്നാണ് മണ്ണാർക്കാട് സംവാദത്തിന്റെ കാസറ്റ് കേൾക്കാൻ ഇടയായത്. അതിൽ സുലൈമാൻ സഖാഫിയുടെ വാദം, മരിച്ചവരെ വിളിച്ച് പ്രാർത്ഥിക്കൽ അർത്ഥനയാണെന്നും എന്നും അത് പ്രാർത്ഥനയല്ലെന്നുമുള്ള വാദമാണ് എന്നെ ചിന്തിക്കാൻ പ്രേരിപ്പിച്ചത്! മരിച്ചവരെ വിളിച്ച് പ്രാർത്ഥിക്കൽ പ്രാർത്ഥനയല്ലെങ്കിൽ പിന്നെ എന്തിനാണ് മുസ്‌ല്യാക്കന്മാർ ഇതിന് പ്രേരണ നൽകുന്നത്? സ്വന്തം പോക്കറ്റ് വീർപ്പിക്കാൻ വേണ്ടി മാത്രമാണ് എന്നതല്ലേ സത്യം?

ഹുസൈൻ സലഫിയുടെ മാലമൗലിദുകളുടെ അർത്ഥശൂന്യത എന്ന കാസറ്റ് കേട്ടപ്പോഴാണ് ശരിക്കും കരഞ്ഞുപോയത്. ഇത്രയും വലിയ വിവരക്കേടുകൾ പറഞ്ഞു നടക്കുന്ന മുസ്‌ല്യാക്കന്മാരുടെകൂടെ ഇത്രയും കാലം അതേറ്റുപാടി നടന്നത് അത് സ്വർഗ്ഗത്തിലേക്കുള്ള പാതയാണ് എന്നു കരുതിയാണ്. ഇപ്പോഴാണ് മനസ്സിലായത് മുസ്‌ല്യാക്കന്മാരുടെ പാത നരകത്തിലേക്കാണ് എന്നുള്ള യാഥാർത്ഥ്യം. ഇത്രയും വൈകിയിട്ടാണെങ്കിലും യാഥാർത്ഥ്യം മനസ്സിലാക്കാൻ കഴിഞ്ഞുവല്ലോ എന്ന സന്തോഷത്തിലാണ് ഞാൻ.

ഇസ്‌ലാഹി പ്രസ്ഥാനത്തെപ്പറ്റി ഞാൻ പഠിച്ചിരുന്നത് പേരോട് സഖാഫിയുടെ നാവിൽ നിന്നാണ്. അതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ തെറ്റ്. മുജാഹിദുകൾ അല്ലാഹുവിന്റെ റസൂലിനെ തള്ളിപ്പറയുന്നവരാണ് എന്നും നിസ്കരിച്ചാൽ പ്രാർത്ഥിക്കാത്തവരാണ് എന്നും പറഞ്ഞ് മുസ്‌ലിം സമൂഹത്തെ ശിർക്കിലേക്ക് നയിക്കുന്ന സഖാഫിക്കൂട്ടമേ... നാളെ റബ്ബിന്റെ കോടതിയിൽ നിങ്ങളുടെ ദുർവ്യാഖ്യാനം നടക്കില്ല എന്നകാര്യം ഓർത്താൽ നന്ന്. പേരോട് സഖാഫിയുടെ വായിൽ നിന്നും ഇസ്‌ലാഹി പ്രസ്ഥാനത്തെപ്പറ്റി പഠിക്കുന്നവർ സൂക്ഷിക്കുക! പേരോടിന്റെ അരികിൽ നിന്നും ഇസ്‌ലാം പഠിച്ചാൽ ബാൽതാക്കറെയുടെ അരികിൽ നിന്നും ഇസ്‌ലാം പഠിച്ചപോലെയായിരിക്കും. മണ്ണാർക്കാട് സംവാദംപോലെ ഇനിയും സംവാദങ്ങൾ സംഘടിപ്പിക്കാൻ ഇസ്‌ലാഹി പ്രവർത്തകന്മാർ ശ്രമിക്കുക. ●